**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 200** **04-03-2025 - ൽ മറുപടിയ്ക്ക്**

**മൂന്ന് വർഷത്തിനുള്ളിൽ മൂന്ന് ലക്ഷം സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ മൂന്ന് ലക്ഷം സംരംഭങ്ങൾ തുടങ്ങിയെങ്കിൽ അതുമൂലം രാജ്യത്തിന്റെ ജി.ഡി.പി.യിലേക്കുള്ള സംസ്ഥാന വിഹിതത്തിൽ വർദ്ധനവ് ഉണ്ടാകാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി ആരംഭിച്ചിട്ടുള്ള സംരംഭങ്ങൾ വഴി രാജ്യത്തിന്റെ ജി.ഡി.പി ലേയ്ക്കുള്ള സംസ്ഥാന വിഹിതം വർദ്ധിച്ചിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | രാജ്യത്തിന്റെ ജി.ഡി.പി.യിലേക്കുള്ള സംസ്ഥാന വിഹിതം 2022-ലും 2023-ലും 3.8 ശതമാനത്തിൽ തന്നെ മാറ്റമില്ലാതെ തുടരുകയാണെന്ന് പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശക സമിതിയുടെ റിപ്പോർട്ട് വെളിപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | രാജ്യത്തിന്റെ ജി.ഡി.പി-യിലേയ്ക്കുള്ള 2022 ലേയും 2023-ലേയും സംസ്ഥാന വിഹിതം 3.8 ശതമാനമാണ്. പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശകസമിതിയുടെ റിപ്പോർട്ട് പ്രകാരം രാജ്യത്തിന്റെ 2022-ലെ മൊത്തം ജി.ഡി.പിയിൽ നിന്നും 2023 സാമ്പത്തിക വർഷത്തെ ജി.ഡി.പിയിൽ വലിയ തോതിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വർദ്ധനവ് സംസ്ഥാന വിഹിതത്തിന്റെ വർദ്ധനവിന് ആനുപാതികമായിട്ടുള്ളതാണ്. ഇപ്രകാരം സംസ്ഥാന വിഹിതത്തിലുണ്ടായ വർദ്ധനവിന് സംരംഭക പദ്ധതി വഴി ആരംഭിച്ചിട്ടുള്ള പുതിയ സംരംഭങ്ങളും ക്രിയാത്മക പങ്ക് വഹിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് തുടങ്ങുന്ന വ്യവസായങ്ങൾ ജി.എസ്.ഡി.പി.യിലേക്ക് സംഭാവന ചെയ്യുന്നതിന് ആറേഴ് വർഷമെടുക്കുമെന്നത് വസ്തുതയാണോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കുമോ? | (സി) | മേൽ ( ബി ) പിരിവിലെ മറുപടി സദയം കണ്ടാലും. |

സെക്ഷൻ ഓഫീസർ